# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5109 27-07-2015 ൽ മറുപടിക്ക്

### ഹയർസെക്കന്ററി ഡയറക്ടറേറ്റിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ആവശ്യത്തിന് ജീവനക്കാരില്ലാത്തതു കാരണം ഹയർസെക്കന്ററി ഡയറക്ടറേറ്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട് |
| (ബി) | പരീക്ഷ നടത്തിപ്പ്, ഫലം പ്രസിദ്ധീകരിക്കൽ, മാർക്ക് ലിസ്റ്റ് നല്കൽ, സർട്ടിഫിക്കറ്റുകളിലെ തിരുത്തലുകൾ തുടങ്ങി സമയബന്ധിതമായി തീർക്കേണ്ട ജോലികൾ ജീവനക്കാരുടെ കുറവുമൂലം കൃത്യതയോടെ നടത്താൻ നിലവിലുള്ള ജീവനക്കാർ പ്രയാസപ്പെടുക യാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ഉണ്ട്. മതിയായ ജീവനക്കാർ ഇല്ലാത്തതു കാരണം ദിവസവേതനക്കാരുടെ സേവനം ഉപയോഗിക്കാറുണ്ട്. 13.07.2015 ലെ ജി.ഒ(ആർ.റ്റി)നം.5289/2015/പൊ.ഭ.വ പ്രകാരം സെക്രട്ടേറിയറ്റിൽ നിന്നും 19 ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചിട്ടുണ്ട്. |
| (സി) | വിവിധ ആവശ്യങ്ങൾക്കായി ഡയറക്ടറേറ്റിൽ എത്തുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളും ഇതുമൂലമുള്ള പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഇല്ല |
| (ഡി) | ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് രൂപീകരിച്ച ശേഷമുണ്ടായിട്ടുള്ള അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പരീക്ഷകളുടെയും വർദ്ധനവിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; | പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | വിവിധ സർവ്വകലാശാലകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിതരായ ഉദ്യോഗസ്ഥരെ തിരിച്ചയച്ച ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | ഉണ്ട്. 13.07.2015 ലെ ജി.ഒ(ആർ.റ്റി) നം.5289/2015/പൊ.ഭ.വ പ്രകാരം സെക്രട്ടേറിയറ്റിൽ നിന്നും 19 ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചിട്ടുണ്ട്. |
| (എഫ്) | നിലവിലുള്ള അർഹരായ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനും ഒഴിവുവരുന്ന തസ്തികകളിൽ നിയമാനുസൃതം നിയമനം നടത്തുന്നതിനും തയ്യാറാകുമോ? | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ